ൻെറ ആപ്പീസിലുള്ള പ്രായം തേച്ച ചില്ലുകൊണ്ടു നിർമിച്ച, അതിവിപുല മായ ഭൂഗോളത്തെ ഈ സന്ദർഭത്തിൽ ഞാൻ ഓർമിക്കുന്നു. കാൽ നൂററാണ്ടു മുമ്പ് 'ക്രിസ്ത്യൻ സയൻസ് മോണിററി'ൽ അതിഥിയായിച്ചെന്ന എന്നെ ആതിഥേയർ ഈ ഭൂഗോളത്തിൻെറ ഉള്ളിൽ കയററി, ഒത്ത മദ്ധ്യത്തിൽ കൊണ്ടുചെന്നു നിറുത്തി. അവിടെ നിന്നുകൊണ്ട് ഭൂമിയുടെ എല്ലാ ഭാഗ ങ്ങളും ഒരു നിമിഷത്തിൽ ഞാൻ നോക്കിക്കണ്ടു. ഓരോ പത്രപ്രവർത്തക നും ചെയ്യേണ്ടതു് ഇതാണല്ലോ. കേന്ദ്രത്തിൽ നിന്നുകൊണ്ട് ലോകത്തെ മുഴുവൻ നോക്കിക്കാണുക; ലോകത്തിൽ തൻെറ ജനതയുടെ, സ്ഥാനം നിരന്തരമായി തിട്ടപ്പെടുത്തുക! ഭൂമിയും അതിലെ ഓരോ വ്യത്യസ്ത രാഷ്ട്രീയ ഘടകവും തമ്മിൽ, മനുഷ്യസമൂഹവും അതിലെ ഓരോ വ്യതിരിക്ത വ്യക്തിയും തമ്മിൽ, ഉള്ള നിത്യ പരിവർത്തമാനമായ ബന്ധത്തെ നിര ന്തരം നിർവചിച്ചുകൊണ്ടിരിക്കുകയെന്നല്ലേ പത്രപ്രവർത്തനത്തിൻെറ മഹത്തായ ദൗത്യം? വ്യക്തികളെ കേന്ദ്രമാക്കിയുള്ള വാർത്തകരം കുറിക്കു മ്പോഴും അവയെ വിമർശിക്കുമ്പോഴും, വ്യക്തികരംക്കു പിന്നിലുള്ള സമ ഷ്ടിയുടെ അകന്നകന്നുപോകുന്ന വിവിധ ചക്രവാളങ്ങളുടെ പശ്ചാത്തലം മറക്കാതിരിക്കലല്ലേ മഹത്തായ പത്രപ്രവർത്തനം?

കൃഷ്ണസ്വാമി റെഡ്യാർ സ്വന്തം പത്രകുടുംബത്തിനു് തൻെറ അന്തിമ സമ്മാനത്തിലൂടെ നൽകിയ അവിസ്മരണീയമായ സന്ദേശം ഇതാണെന്നു് ഞാൻ കരുതുന്നു.

25 ആഗസ്റ്റ്, 1982

# 92. വി. ടി. ഭട്ടതിരിപ്പാട്

വി. ടി. രാമൻ ഭട്ടതിരിപ്പാടിൻെറ നിര്യാണത്തോടെ, കേരളത്തിൽ ഗാന്ധിയുഗത്തിൻെറ അവസാനപ്രതിനിധികളിൽ ഒരാരംകൂടി കാലയവ നികയ്ക്കുള്ളിൽ അന്തർധാനം ചെയ്തിരിക്കുന്നു.

മണ്ണിൽനിന്നു മനുഷ്യനെ മെനഞ്ഞെടുത്തതാണ് ഗാന്ധിജിയുടെ മഹ ത്ത്വം എന്നു പറയാറുണ്ട്. ഗാന്ധിജി മണ്ണിൽനിന്നു മെനഞ്ഞെടുത്ത മനുഷ്യ രുടെ ഉത്തമ മാതൃകകളിലൊന്നായിരുന്നു വി.ടി.

'മുമ്പോട്ടു കാലം കടന്നുപോയീടാതെ
മുമ്പേ സ്മൃതികളാൽ കോട്ട കെട്ടി
വമ്പാർന്നനാചാര മണ്ഡല ചത്വരായ്''

നാടുവാഴുന്ന നമ്പൂരാരെപ്പററി കുമാരനാശാൻ എഴുതുമ്പോരം വി. ടി. ക്കു് പൂർണ യൗവനം കൈവന്നിരുന്നു. നമ്പൂതിരിമാർക്കിടയിൽത്തന്നെയു ണ്ടായിരുന്നു പല ഉച്ചനീചത്വങ്ങളും. 'ആട്ടിന്മേൽ ആട്ടും പലകമേൽപ്പല കയും' ഒക്കെയായി, വി. ടി. യുടെ ഭാഷയിൽ 'കടിച്ചാൽ വിഷമിറ ങ്ങാത്ത' ആഢ്യന്മാർമുതൽ ഉരംനാടുകളിലെ ക്ഷേത്രങ്ങളിൽ ശാന്തിയും സമ്പന്ന കുടുംബങ്ങളിൽ ദേഹണ്ഡവുമായി കഴിയുന്ന അറുപാവങ്ങരംവരെ ആ സമുദായത്തിൽ ഉരംപ്പെട്ടിരുന്നു. നമ്പൂതിരി സമൂഹത്തെ ആധുനികീകരി ക്കുന്നതിനുവേണ്ടി കുറൂർ ഉണ്ണിനമ്പൂതിരിപ്പാടിൻെറയും മററും നേതൃത്വ ത്തിൽ ആരംഭിച്ച യോഗക്ഷേമ സഭ, അവരിൽ മേലേക്കിടയിലുള്ളവർക്കു് ഇംഗ്ലീഷ് വിദ്യാഭ്യാസവും ആധുനിക വ്യവസായങ്ങളിൽ താല്പര്യവും ഉള വാക്കുന്നതിനു് ഒട്ടൊക്കെ ഉപകരിച്ചിരുന്നുവെങ്കിലും, ആചാരപ്രധാനമായ കേരളീയ സാമൂഹ്യഘടനയിൽ നമ്പൂതിരിമാർക്കു് പാരമ്പര്യമായി സി

ദിച്ചിരുന്ന മേല്ക്കോയ്മ കൈവിടുന്നതിന് തയ്യാറായിരുന്നില്ല. ഈ മേല്ക്കോയ്മയുടെ ഭൗതികാധാരങ്ങളിലൊന്ന് 'സംബന്ധം' വഴി കേരളത്തിലെ നാടുവാഴി കുടുംബങ്ങളിൽ നമ്പൂതിരിമാർ ചെലുത്തി വന്ന സ്വാധീനമായിരുന്നു. 'പൂർണം ബ്രാഹ്മണ്യം' നിലനിറുത്തുകയാണ് നമ്പൂതിരിമാരുടെ അഭ്യുദയമാർഗമെന്നു വിശ്വസിച്ചിരുന്ന യോഗക്ഷേമസഭയിലെ നേതാക്കന്മാർ അപ്പോഴും രാജകുടുംബങ്ങളിൽ കൂട്ടിരിപ്പ്, മോതിരംമാററൽ, കട്ടിലേററം മുതലായ പേരുകളിലറിയപ്പെട്ടിരുന്ന സംബന്ധവിവാഹബന്ധം തുടർന്നുവന്നു. കുടുംബത്തിൽ സ്വത്തധികാരം 'മഹൻമൂസ്സ്' എന്നു വിളിക്കപ്പെട്ടു വന്ന മൂത്ത പുത്രനു മാത്രമായിരുന്നു. 'അപ്ഫന്മാർ' എന്ന പേരിൽ അറിയപ്പെടുന്ന ഇളയ പുത്രന്മാർക്ക് തറവാട്ടിൽ ഭക്ഷണം കിട്ടുമെങ്കിലും, മററ് അവകാശങ്ങളൊന്നുമില്ലായിരുന്നു. 'പൂമോത്തിരിപ്പും മുറുക്കും തുപ്പും' ആയിരുന്നു, ചെറുകാടിൻെറ ശൈലിയിൽ, അവരുടെ തൊഴിൽ; കൂട്ടത്തിൽ ചുററുവട്ടത്തിലെവിടെയെങ്കിലും ചെലവില്ലാതെ ഒരു 'കിടപ്പിൻെറ വട്ട'വും. പുരുഷസന്താനങ്ങളിൽത്തന്നെ വലിയ ഒരു വിഭാഗത്തിൻെറ സ്ഥിതി ഇതാണെങ്കിൽ, സ്ത്രീസന്താനങ്ങളുടെ കഥ പറയേണ്ടതുമില്ല. അവർ 'അന്തർജന'ങ്ങൾ ആയിരുന്നു; വീട്ടിനകത്തു കഴിയേണ്ടവരായിരുന്നു. പനയോലകൊണ്ടു നിർമിച്ച വട്ടക്കുടകൊണ്ട് ശരീരം മറച്ചും, മുമ്പിൽ നടന്ന് 'ആഹേയ്' എന്നു നീട്ടി 'ഒച്ചയാട്ടുന്ന' തുണക്കാരിപ്പെണ്ണുങ്ങളുടെ അകമ്പടിയോടെയും അല്ലാതെ അവർക്ക് അടുത്ത ക്ഷേത്രത്തിൽ തൊഴാൻ പോകാൻപോലും അധികാരമുണ്ടായിരുന്നില്ല. മഹാപ്രാകൃതമായിരുന്നു അവരുടെ വേഷവിധാനം. കൈത്തണ്ടയിൽ കണങ്കൈമുതൽ കൈമുട്ടുവരെ നീല നിറത്തിൽ ദുർഗന്ധമുള്ള ക്ലാവ് സ്ഥിരമായി വരുത്തുന്ന വീതിയുള്ള ഏഴെട്ട് ഓട്ടുവളകൾ, കാതിൽ മരക്കരട്, ചുററ് മുതലായ ആഭരണങ്ങൾ, അരയിൽ ചുററും 'ഒക്കച്ചൊറി' എന്ന തരം എക്സീമ വരുത്തുന്ന 'പാപ്പം വെച്ച് ഉടുപ്പ്', അരയ്ക്കുമേൽ പൂർണനഗ്നത—നമ്പൂതിരി സ്ത്രീകളുടെ ഈ വേഷം, ഇന്ന് അവിശ്വസനീയമെങ്കിലും, അഞ്ചു ദശാബ്ദങ്ങൾക്കു മുമ്പ് അതിസാധാരണമായിരുന്നു. നിരന്തരങ്ങളായ വ്രതാനുഷ്ഠാനങ്ങളായിരുന്നു അവരുടെ ജീവിതം. നാലു വേട്ട ശേഷം, പഴഞ്ചൊല്ലിൽ പറയുംപോലെ നടുമുററത്തല്ലാതെ സംബന്ധവീട്ടിൽ അന്തിയുറങ്ങുന്ന 'മൂസ്സാമ്പൂരി'മാർ കുറവായിരുന്നില്ല. ഇളയ പുരുഷസന്താനങ്ങൾക്ക് സ്വജാതി വിവാഹം നിഷിദ്ധമായിരുന്നതിനാൽ, വിജാതീയ വിവാഹം അനുവദിക്കപ്പെട്ടിട്ടില്ലാത്ത നമ്പൂതിരി സ്ത്രീകൾക്ക് സാപത്ന്യവും, നിർബന്ധിത കന്യകാത്വവും വൻതോതിൽ അനുപേക്ഷണീയമായിരുന്നു. നമ്പൂതിരി വിധവയാകട്ടെ, ഭർത്താവിൻെറ ചിതയിൽ സ്വന്തം സൗഖ്യജീവിതം എന്നെന്നേക്കുമായി ഹോമിച്ച ശേഷം, നിരാധാരയായി, വ്രതവും പ്രാർത്ഥനയും ഉപവാസവുമായി, ജീവിക്കുന്ന ശവമായി, ജന്മമെടുക്കാൻ വിധിക്കപ്പെട്ടവളായിരുന്നു.

അഗ്നിഹോത്രിയുടെയും ശങ്കരാചാര്യരുടെയും പാരമ്പര്യം അവകാശപ്പെടാമെങ്കിലും താരതമ്യേന നിർധനമായിരുന്നു വി. ടി. യുടെ കുടുംബം. 'ഒരു അപ്ഫൻ ജനിക്കുന്നു' എന്ന തീക്ഷ്ണമധുരമായ ലേഖനത്തിൽ ഈ കുടുംബത്തിൻെറയും അതുൾപ്പെട്ട സമുദായത്തിൻെറയും അന്നത്തെ നില വി. ടി. എന്നെന്നേക്കുമായി ചിത്രീകരിച്ചിട്ടുണ്ട്. ആചാരപ്രധാനമായ മതത്തിൻെറ അർദ്ധാന്ധകാരത്തിലാണ് അദ്ദേഹത്തിൻെറ ബാല്യവും കൗമാരവും കഴിഞ്ഞുപോയത്. അർത്ഥമറിയാതെ, എന്നാൽ സ്വരം തെററാതെ, ഋഗ്വേദം ഓതിപ്പഠിച്ച ശേഷം, വി. ടി. അപ്ഫൻമാർക്ക് വിധിച്ച ശാന്തിവൃത്തിയിലും സംബന്ധത്തിലുമേർപ്പെട്ടു. 'ശാസ്താംകാവിലെ ശാന്തിക്കാരൻ' എന്ന ലേഖനം വി. ടി. യുടെ ഈ കാലത്തിലെ ജീവിതത്തെ, സാമൂഹ്യമായ പരിപ്രേക്ഷത്തിൽ, ശാശ്വതീകരിച്ചിട്ടുണ്ട്. തനി

ക്ക പതിനേഴ വയസ്സുള്ളപ്പോഴാണ്, ഒരു അമ്പലവാസി പെൺകിടാവിൽ നിന്ന് വി. ടി. മലയാളം അക്ഷരങ്ങൾ തപ്പിത്തടഞ്ഞു കൂട്ടിവായിക്കാൻ പഠിച്ചതു്. ശർക്കരയോ മറ്റോ പൊതിഞ്ഞു കൊണ്ടുവന്ന ഒരു കീറ് പത്രക്കടലാസ്സിൽ 'മാൻമാർക്ക കട' എന്ന് തിരിച്ചറിയാൻ കഴിഞ്ഞപ്പോഴത്തെ ആനന്ദാനുഭൂതി അദ്ദേഹം വർണിച്ചിട്ടുള്ളതു് വിശ്വസാഹിത്യത്തിൽ പ്രതിഷ്ഠ നേടേണ്ട ഒരു ഗദ്യഖണ്ഡികയാണ്.

ഇരുപത്തിമൂന്നാം വയസ്സിൽ വി. ടി. നമ്പൂതിരിവിദ്യാലയത്തിൽ നാലാം ഫോറത്തിൽ ചേർന്നു. ഇടയ്ക്ക് കുറച്ചുകാലം അദ്ദേഹം ഊട്ടിൽ ഉണ്ട് തിരുവനന്തപുരത്തും പഠിച്ചു പാർക്കുകയുണ്ടായി. ഏതായാലും എസ്. എസ്. എൽ. സി. പാസ്സാകാൻ അദ്ദേഹത്തിനു യോഗമുണ്ടായില്ല.

ഗാന്ധിജിയുടെ കൈയിൽ കിട്ടിയ ഒരുകട്ട കളിമണ്ണ് ഇതാണ്. ഇതിൽനിന്നു ഗാന്ധിജി, നേരിട്ടല്ലാതെ വിദൂരപ്രേരണയിലൂടെ, മെനഞ്ഞെടുത്ത മനുഷ്യനാണ് നാം അറിയുന്ന, സാമൂഹ്യവിപ്ലവാചാര്യനും എഴുത്തുകാരനും മനുഷ്യസ്നേഹിയും സർവോപരി ഹൃദയാലുവായ സുഹൃത്തും ഒക്കെയായ വി. ടി.

സ്വാതന്ത്ര്യസമര പ്രസ്ഥാനത്തിലേക്കാകർഷിക്കപ്പെട്ട വി. ടി. 1921 –ലെ അഹമ്മദാബാദ് കോൺഗ്രസ്സിൽ പങ്കെടുത്തു. ഗാന്ധിജിയുടെ സമരതന്ത്രത്തിന്റെ കാതൽ കണ്ടറിഞ്ഞ അദ്ദേഹം, നമ്പൂതിരി യുവജനങ്ങളിൽ വിദ്യാഭ്യാസ പ്രബുദ്ധത ഉണർത്തുവാൻ കേരളത്തിലുടനീളം ഒരു 'യാചനായാത്ര' സംഘടിപ്പിച്ചു. മനസ്വിനിയായ തന്റെ വിജാതീയ പ്രഥമപത്നിയോടും രണ്ടു പിഞ്ചു പുത്രികളോടും വിടവാങ്ങി അദ്ദേഹം ഒരു നമ്പൂതിരിസ്ത്രീയെ വിവാഹം ചെയ്തു. അന്തർജനങ്ങളെ ഉണർത്താതെ അവരെ ഉയർത്താനാവില്ലെന്നറിഞ്ഞ വി. ടി. യും സുഹൃത്തുക്കളും സാഹിത്യത്തിലൂടെയും നാടകത്തിലൂടെയും അവരെ സമീപിക്കാനുറച്ചു. 'രജനീരംഗ'ത്തിലെയും മറ്റും കഥകളും 'അടുക്കളയിൽ നിന്ന് അരംഗത്തേക്ക്' പോലുള്ള നാടകങ്ങളും പിറന്നതു് അങ്ങനെയാണ്. ഫലംകൊണ്ടു നോക്കിയാൽ ലോകനാടകവേദിയിൽത്തന്നെ സ്ഥാനം നേടേണ്ട ഒന്നാണ് ഈ നാടകം. അതുകണ്ട് ഏറെ കഴിയും മുമ്പ് അന്തർജനങ്ങൾ മണക്കുട വലിച്ചെറിഞ്ഞു; ഓട്ടുവളകൾ ഊരിക്കളഞ്ഞു; ബ്ലൗസിടാനും സാരി ധരിക്കാനും തുടങ്ങി. 'തുടുംകവിളിൽ പതിയുന്ന', 'ചുററിട്ട കാതിനെ' ശസ്ത്രക്രിയ ചെയ്തു ചെറുതാക്കി കമ്മലിട്ടു. ബാഹ്യമായ ഈ വേഷപരിവർത്തനം അഗാധമായ ഒരു ആഭ്യന്തരപരിവർത്തനത്തിന്റെ പ്രതീകമായിരുന്നു. 'അന്തർജനം' എന്ന നപുംസക വസ്തു 'സ്ത്രീ' ആയി മാറി. താൻ ചെയ്യാത്തതൊന്നും ചെയ്യാൻ അന്യരെ ഉപദേശിച്ചുകൂടെന്ന് ഗാന്ധിജിക്കുണ്ടായിരുന്ന നിർബന്ധം വി. ടി. ക്കും ഉണ്ടായിരുന്നു. തന്റെ ഭാര്യയുടെ വിധവയായ സഹോദരിയെ ശ്രീ എം. ആർ. ഭട്ടതിരിപ്പാടിന് വി. ടി. എല്ലാ പാരമ്പര്യച്ചടങ്ങുകളോടുംകൂടി, വിവാഹം ചെയ്തുകൊടുത്തു. നമ്പൂതിരിസമുദായത്തിൽ, അറിയപ്പെട്ടേടത്തോളം, ആദ്യത്തെ വിധവാവിവാഹമാണിതു്. അതുംപോരാഞ്ഞ് സ്വന്തം സഹോദരിയെ വി ടി. ഒരു നായർക്ക്, അഗ്നിസാക്ഷികമായിത്തന്നെ, വേളികഴിച്ചുകൊടുത്തു. ഭാര്യയിരിക്കെ രണ്ടാമതും (ചിലപ്പോൾ മൂന്നാമതും നാലാമതും) വേളിക്കൊരുങ്ങുന്ന മുസ്സാമ്പൂരിമാരെ വി. ടി. യുടെ നേതൃത്വത്തിൽ നമ്പൂതിരി യുവജനങ്ങൾ പിക്കററുചെയ്തു. 'അപ്ഫന്മാർ' ധാരാളമായി സ്വജാതി വിവാഹം ചെയ്തു തുടങ്ങി. 'ഓമന'മാരും (നമ്പൂതിരിപ്പെൺകുട്ടികൾ) 'മിടുക്കന്മാ'രും (നമ്പൂതിരി ഉണ്ണികൾ) സ്കൂളുകളിൽ ചേർന്നു പഠിക്കാൻ ആരംഭിച്ചു. കുടുംബസ്വത്തിൽ എല്ലാ അംഗങ്ങൾക്കും തുല്യമായ ഉടമ നിയമംമൂലം കൈവന്നു. ദ്രവിച്ച പഴയ കൂട്ടുകുടുംബസമ്പ്രദായം തകർന്നു; സ്നേഹത്തിന്റെ ഊഷ്മാ

വും തുടിപ്പുമുള്ള, ചെറിയ 'അണുകുടുംബ'ങ്ങഠം നിലവിൽ വന്നു. ഏതാനും ദശാബ്ദങ്ങഠംക്കുള്ളിൽ, തലചുററിക്കുന്ന വേഗത്തിൽ നമ്പൂതിരിസമുദായത്തിൽ സംഭവിച്ച ഈ സാമൂഹ്യപരിവർത്തനത്തിൽ അനിഷേധ്യ പൗരോഹിത്യം വഹിച്ചതു് വി. ടി. എന്ന, കറുത്തു കറിയ സാധാരണ മനുഷ്യനായിരുന്നു.

വി. ടി. യുടെ സാമൂഹ്യസേവനം നമ്പൂതിരിമാരുടെ നാലുകെട്ടുകളിൽ ഒതുങ്ങിനിന്നില്ല. ഗുരുവായൂർ ക്ഷേത്രപ്രവേശനത്തോടനുബന്ധിച്ച് കേരളത്തിൽ സാമൂഹ്യസമത്വം കൈവരിക്കുന്നതിനു് കേളപ്പൻെറ നേതൃത്വത്തിൽ നടന്ന പ്രസ്ഥാനത്തിലും നിർണായകമായ പങ്കു് വി: ടി. വഹിച്ചു. നാസ്തികനെന്നോ യുക്തിവാദിയെന്നോ, ആ വാക്കുകളുടെ സഹചരിതാർത്ഥ പൂർണതയിൽ വിളിച്ചുകൂടെങ്കിലും, യുക്തിവാദ പ്രസ്ഥാനത്തിലും വി. ടി. സഹകരിച്ചു. 'ഇനി നമുക്കു് അമ്പലം തീക്കൊളുത്തുക' എന്ന ലേഖനത്തെത്തുടർന്നു് അദ്ദേഹത്തെ കൊച്ചി രാജാവു് നാടുകടത്തുകയുണ്ടായി! അതിനു മുമ്പൊരിക്കൽ, പൂമുള്ളിമനയുടെ പരിസരങ്ങളിൽ മേലിൽ വി. ടി. യെ കണ്ടുകൂടെന്നു് ആജ്ഞാപിച്ച ആ ഇല്ലത്തെ ആഢ്യൻ കാരണവരോടു പറഞ്ഞ അതേ വാക്കുകഠംതന്നെ വി. ടി. കൊച്ചി രാജാവിനോടും പറഞ്ഞിരിക്കാം. പൂമുള്ളിനമ്പൂതിരിപ്പാടിനോടു് വി. ടി. പറഞ്ഞതു് ഇതാണു്: 'ശരി, പക്ഷേ, നമ്പൂതിരിയെ (പൂമുള്ളി നമ്പൂതിരിപ്പാടിനെ) ഭാരതപ്പുഴയുടെ മണൽപ്പുറത്തും മേലിൽ കണ്ടുകൂടാ!' യുക്തിവാദ പ്രസ്ഥാനത്തിനെന്നപോലെ മിശ്രവിവാഹ സംഘടനയ്ക്കും അദ്ദേഹം എല്ലാ കാലത്തും പൂർണ പിന്തുണ നൽകിപ്പോന്നു.

രാഷ്ട്രീയ വീക്ഷണം രൂപവല്ക്കരിക്കുന്നതിൽ വി. ടി. യെ ഏററവും അധികം സ്വാധീനിച്ചതു്, കേരളത്തിൽ കേളപ്പനായിരുന്നു. ഗാന്ധിജിയുടെ സന്ദേശം കേളപ്പനിലൂടെയാണു് വി. ടി. ഉഠംക്കൊണ്ടതെന്നു പറയാം. അതിനാൽ, വി. ടി. യുടെ സഹപ്രവർത്തകരെല്ലാം കമ്യൂണിസ്റ്റ് പാർട്ടിയിലേക്കു കൂറുമാറിയപ്പോഴും വി. ടി. കോൺഗ്രസ്സുകാരനായിത്തന്നെ തുടരുകയാണു ചെയ്തതു്. കോൺഗ്രസ്സിൽ കാലക്രമേണ അടിഞ്ഞുകൂടിയ ചവറുകഠം അദ്ദേഹത്തെ വല്ലാതെ മടുപ്പിച്ചു. അദ്ദേഹം രാഷ്ട്രീയരംഗത്തു് തികച്ചും നിഷ്ക്രിയനായിത്തീരുകയും ചെയ്തു.

സാഹിത്യകാരനെന്ന നിലയിൽ വി. ടി. യുടെ വളർച്ചയ്ക്കു് നാം കൂടുതൽ കടപ്പെട്ടിരിക്കുന്നതു് നാലപ്പാട്ടു് നാരായണമേനോനോടാണെന്നു തോന്നുന്നു. വി. ടി. യുടെ ധിഷണയ്ക്കു പററിയ ശാണോപലം, ഏതായാലും, നാലപ്പാടനായിരുന്നു. വള്ളത്തോളിൻെറ രചനാസൗന്ദര്യത്തിൽ മുഗ്ദ്ധനായ വി. ടി. യാണു് 'കൊച്ചുസീത' ആദ്യമായി പുസ്തകരൂപത്തിൽ അച്ചടിച്ചതു്. 'മംഗളോദയ'ത്തിലെ പ്രൂഫ്റീഡർ സ്ഥാനം വി. ടി. ക്കു് സാഹിത്യരംഗത്തിൽ പ്രവേശിക്കുന്നതിനു പാതയൊരുക്കി. എഴുതിയതെന്തും തൻെറ ഏതാനും ചില വിശ്വസ്ത സുഹൃത്തുക്കളെ വായിച്ചു കേഠംപ്പിച്ച്, തിരുത്തി, കാച്ചിക്കുറുക്കി, പരിപൂർണതയിലെത്തിച്ച ശേഷമേ പ്രസിദ്ധീകരിക്കാവൂ എന്നു് അദ്ദേഹത്തിനു നിർബന്ധമുണ്ടായിരുന്നു. സാഹിത്യാചാര്യനായി ബഹുജനാംഗീകാരം നേടിക്കഴിഞ്ഞ ശേഷവും അദ്ദേഹത്തിൻെറ ഈ സംശോധനവൈയഗ്ര്യം, ഇനിയുമെത്രയോ കൃതികഠം അദ്ദേഹത്തിൽനിന്നു ലഭിക്കുന്നതിനു് തടസ്സമായിത്തീരുകയുണ്ടായി!

എൻെറ ജീവിതത്തിലെ വിലപ്പെട്ട നേട്ടങ്ങളിലൊന്നാണു് വി. ടി. യുമായി എനിക്കുണ്ടായിരുന്ന വൈയക്തിക ബന്ധം. അദ്ദേഹത്തെ ആദ്യമായി കണ്ടതെന്നാണെന്നോർമയില്ല. അനാദികാലംമുതൽ ഞങ്ങഠം പരിചിതരായിരുന്നു എന്നാണു് തോന്നൽ. 'രജനീരംഗ'ത്തിലെയും മററും കഥകഠംക്കും, 'അടുക്കളയിൽനിന്നു് അരങ്ങത്തേക്കു്' എന്ന നോവലിനും ശേഷം, പുസ്തകരൂപത്തിൽ സമാഹരിച്ചിട്ടുള്ള വി. ടി. യുടെ പ്രബന്ധ

ങ്ങളിൽ മിക്കവയും എൻെറ അഭ്യർത്ഥനയനുസരിച്ച് 'മാതൃഭൂമി' ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിക്കുന്നതിനായി അദ്ദേഹം എഴുതിയവയാണ്. പൂർണതയിലുള്ള നിഷ്ഠർഷ നിമിത്തം, അദ്ദേഹത്തിൽനിന്ന് ഒരു ലേഖനം ലഭിക്കാൻ നിരന്തരമായ പ്രേരണ എനിക്ക് മിക്കപ്പോഴും ചെലുത്തേണ്ടി വന്നിട്ടുണ്ട്. എന്നാലെന്താണ്? അവ പ്രസിദ്ധീകരിക്കാൻ സാധിച്ചു എന്നതു് എൻെറ പത്രപ്രവർത്തനജീവിതത്തെ സൂര്യമാണധന്യമാക്കുന്നു.

വി.ടി. യുടെ അടുത്ത സുഹൃത്തുക്കളിലും ബന്ധുക്കളിലും പലരും എൻെറ കുടുംബസുഹൃത്തുക്കളാണ്. പക്വതവന്ന ഒരു മൂത്ത സഹോദരനിൽനിന്ന് പ്രതീക്ഷിക്കേണ്ട സ്നേഹവും സദ്ഭാവവും വി.ടി. യിൽനിന്ന് എന്നും എനിക്കു ലഭിച്ചുവന്നിട്ടുണ്ട്. അദ്ദേഹത്തെ കാണുന്നതും അടുത്തിരിക്കുന്നതും, പ്രസന്നവും നർമമധുരവും സ്നേഹസാന്ദ്രവും വിശ്വപ്രേമാനുപ്രാണിതവുമായ അദ്ദേഹത്തിൻെറ സംഭാഷണം കേൾക്കുന്നതും, എല്ലാം ആത്മനിർവൃതികരങ്ങളായ അനുഭവങ്ങളായിരുന്നു.

പ്രിയപ്പെട്ട വി. ടി. താങ്കൾ ഞങ്ങളുടെ ജീവിതത്തിൻെറ ഒരു ഭാഗമായിരുന്നു. മാത്രമല്ല, സ്വയം കണ്ടെത്താനുള്ള കേരളത്തിൻെറ അന്വേഷണത്തിൻെറ ഒരു ഭാഗംകൂടിയായിരുന്നു.

താങ്കൾക്ക് എൻെറ അന്തിമ പ്രണാമം!

## 94. ആചാര്യ കൃപാലാനി

സ്വയം പ്രകാശമുള്ള നക്ഷത്രങ്ങളേക്കാൾ കൂടുതൽ പ്രകാശം തോന്നിക്കുന്ന ചില ഗ്രഹങ്ങളുണ്ട്. സൂര്യപ്രകാശം പ്രതിഫലിച്ചാണ് ഇവ ഇങ്ങനെ പ്രകാശിക്കുന്നതു്. നമുക്കു കാണാവുന്ന ആകാശവിഭാഗത്തിൽ, സൂര്യനും ചന്ദ്രനും കഴിഞ്ഞാൽ പിന്നെ ഏററവുമധികം പ്രകാശമുള്ളതു് ശുക്രനാണല്ലോ. ശുക്രൻെറ പ്രകാശം അതിനു സ്വതസ്സിദ്ധമല്ലെന്നും, സൂര്യൻെറ പ്രകാശം പ്രതിഫലിപ്പിക്കുക മാത്രമാണ് ആ ഗ്രഹം ചെയ്യുന്നതെന്നും വിശ്വസിക്കുക പ്രയാസമായിരിക്കും. എന്നാൽ, അസംഭവ്യമായതു് ഒരു ദിവസം സംഭവിച്ചുവെന്ന്, സൂര്യൻ പെട്ടെന്നു തണുത്തുറഞ്ഞു പ്രകാശരഹിതമായിത്തീർന്നുവെന്ന്, സങ്കല്പിക്കുക. ശുക്രനും, വ്യാഴവും, ബുധനും, ചന്ദ്രനും എല്ലാം ആ നിമിഷംമുതൽ അദൃശ്യങ്ങളായ തമോഗോളങ്ങളായിത്തീരും.

ഗാന്ധിജി എന്ന സൂര്യൻെറ പ്രകാശം പ്രതിഫലിച്ച് അത്യുജ്ജ്വലതയോടെ തിളങ്ങിയിരുന്ന ഒരു ഗ്രഹമായിരുന്നു, മാച്ച് 19-ാം തീയതി, തൊണ്ണൂററിനാലാം വയസ്സിൽ, അന്തരിച്ച ആചാര്യ കൃപാലാനി. ഗാന്ധിജിയെ അകമ്പടി സേവിച്ചിരുന്ന ഗ്രഹങ്ങളിൽ, ഒരുപക്ഷേ, ഏററവുമധികം ഔജ്ജ്വല്യം, ഒരു കാലത്തു് കൃപാലാനി പ്രദർശിപ്പിച്ചിരുന്നു. ഇപ്പോൾ പാകിസ്ഥാനിൽപ്പെട്ട സിന്ധിൽ ജനിച്ച്, ബോംബെയിലും പൂണെയിലും വിദ്യാഭ്യാസം നേടി, ബീഹാറിൽ ചരിത്രപ്രഫസർ ആയി പ്രവർത്തിച്ചിരുന്ന കൃപാലാനി, ഗാന്ധിജിയുടെ സ്വാധീനവലയത്തിലേക്ക് ആകർഷിക്കപ്പെട്ട ശേഷവും ഒരു ബുദ്ധിജീവിയുടെ എല്ലാ സവിശേഷതകളും വെച്ചുപുലർത്തി. 'രഘുപതി രാഘവ' പാടി, അർദ്ധസന്യാസികളായി നടന്നിരുന്ന പല ഗാന്ധിശിഷ്യരിൽനിന്ന് കൃപാലാനി എല്ലു കാലത്തും ഒററപ്പെട്ടു നിന്നു. 'ഗാന്ധി' എന്നല്ലാതെ, മഹാത്മാ' എന്നോ 'ഗാന്ധിജി' എന്നു പോലുമോ തൻെറ നേതാവിനെപ്പററി അദ്ദേഹം പരാമർശിച്ചിരുന്നില്ല. ഗാന്ധിജി ആവിഷ്കരിച്ചു പ്രചരിപ്പിച്ച